(സി) ഉണ്ട്

6 (3459) സംയോജിത ഗ്രാമവികസന പദ്ധതി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംയോജിത ഗ്രാമവികസന പരിപാടിയുടെ നടത്തിപ്പിൽ എന്തു നേട്ടം കൈവരിക്കാനായിട്ടുണ്ട്;

(ബി) എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു എന്നും എന്തു തുക ഇതിനായി വിനിയോഗിച്ചു എന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംയോജിത ഗ്രാമവികസന പരിപാടിയുടെ നടത്തിപ്പിൽ കൈവരിച്ച നേട്ടങ്ങൾ താഴെ പറയുന്നു:

സംയോജിത ഗ്രാമവികസന പരിപാടിയിൻകീഴിൽ 1,32,717 കുടുംബങ്ങളെ സ്വയംതൊഴിൽ സംരംഭങ്ങളിലേർപ്പെടുന്നതിന് സഹായിക്കുകയും സംയോജിത ഗ്രാമവികസന പദ്ധതിയുടെ ഉപപദ്ധതികളായ ട്രൈസം പരിപാടി പ്രകാരം 11877 യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനം നൽകുകയും ഗ്രാമീണ വനിതാ ശിശു വികസന പരിപാടിയിൻ കീഴിൽ 3714 വനിത ഗ്രൂപ്പുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംയോജിത ഗ്രാമവികസന പദ്ധതിപ്രകാരം ആകെ 1,32,717 കുടുംബങ്ങൾക്ക് സഹായം ലഭിച്ചു. ഇതിൽ 48,474 കുടുംബങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരാണ്. ഇതിനായി 6535.78 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ട്രൈസം പദ്ധതിയനുസരിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് 11877 യുവതീയുവാക്കൾക്ക് പരിശീലനം നൽകിയതിൽ 5109 പേർ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. പരിശീലനം ലഭിച്ചവരിൽ 9838 പേർ സ്വയം/ വേതനാടിസ്ഥാനത്തിൽ തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. ഈ പരിപാടിക്ക് 437.26 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഗ്രാമീണ വനിതാശിശുവികസന പരിപാടിയിൻകീഴിൽ രൂപീകരിച്ച 3714 ഗ്രൂപ്പുകളിൽ 2852 ഗ്രൂപ്പുകൾ വരുമാനവർദ്ധനപ്രവൃത്തികൾ നല്ല രീതിയിൽ നടത്തുന്നുണ്ട്. ഈ പരിപാടിയിൻകീഴിൽ 727.48 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ ചെലവഴിക്കുകയുണ്ടായി.

7 (3460) സമഗ്ര ഗ്രാമവികസന പദ്ധതി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്. താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ഗ്രാമവികസന പദ്ധതിപ്രകാരം ദുർബലവിഭാഗങ്ങൾക്ക് നൽകുന്ന സഹായത്തിന്റെ വിശദവിവരം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly